Talented Bankers Literary Panel
പുസ്തക പരിചയം 145

പുസ്തകം പരിചയപ്പെടുത്തുന്നത്,
അനിത വി കെ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
ലോക്കൽ ഹെഡ് ഓഫീസ്,
തിരുവനന്തപുരം.

നിശ്ശബ്ദ സഞ്ചാരങ്ങൾ
ബെന്യാമിൻ

ഒരാശുപത്രിമുറിയുടെ നാലു ചുവരുകൾക്കുള്ളിൽ തളച്ചിടപ്പെടുന്നത് തീർച്ചയായും അസുഖകരമായ അവസ്ഥയാണ്... ആകെ ആശ്വാസം. പുഞ്ചിരി തൂകി, ഇപ്പൊ എങ്ങനുണ്ട് എന്ന ചോദ്യവുമായെത്തുന്ന വെള്ളക്കുപ്പായക്കാരാണ്. എണ്ണയിട്ട യന്ത്രം പോലെ മണിക്കണക്കിന് മരുന്നും പരിചരണവും ആയെത്തുന്ന നേഴ്സ്മാർ. ഡോക്ടറെക്കാളും രോഗീപരിചരണത്തിൽ മുന്നിലുള്ള നേഴ്സുമാർക്ക് ഇന്നും സമൂഹം അഭിജാത പദവി നൽകിയിട്ടില്ല.

അതിഗുരുതരമായ വൈറൽ പനി പിടിച്ചു ICU വിൽ കിടന്നപ്പോൾ, ഒരറപ്പും വെറുപ്പും കൂടാതെ പരിചരിച്ച നേഴ്സുമാരോട് ഇടപഴകിയപ്പോൾ.. ഇരുപത്തിമൂന്നുകാരനായ മനുവിന് അതുവരെയുണ്ടായിരുന്ന നേഴ്സുമാരെ കുറിച്ചുള്ള സങ്കല്പം മാറി മറിഞ്ഞു.. നേഴ്സായിരുന്ന മമ്മിയോടും സഹോദരിയോടും ഒരുപാട് കസിൻസിനോടും തോന്നിയിരുന്ന പുച്ഛവും കുറഞ്ഞു.

ചികിത്സ കഴിഞ്ഞു വീട്ടിലെത്തിയ മനു, യാദൃച്ഛികമായി 1941ൽ മറിയാമ്മ എന്നൊരു നേഴ്സ് എഴുതിയ കത്ത് കാണുന്നു. പൂർവപിതാമഹിയായിരുന്ന, മറിയാമ്മയാണ് കുടുംബത്തിന് സാമ്പത്തിക അടിത്തറയും സ്ഥാനവും നാട്ടിലുണ്ടാക്കികൊടുത്തതെന്ന് മനു മനസ്സിലാക്കുന്നു. ആ മറിയാമ്മച്ചിയുടെ നിശ്ശബ്ദയാത്രയിലേക്ക്.. നാലാം തലമുറയിൽ പെട്ട മനു നടത്തുന്ന അന്വേഷണമാണ്, ബെന്യാമിന്റെ "നിശ്ശബ്ദ സഞ്ചാരങ്ങൾ ".

ഇന്നത്തേത് പോലെ യാത്ര സൗകര്യവും വാർത്താവിനിമയ സംവിധാനവും ഇല്ലാത്ത, കഴിഞ്ഞ നൂറ്റാണ്ടിന്റെ ദക്ഷിണാർഥത്തിൽ, കുടുംബത്തെ രക്ഷിക്കാനായി, പുരുഷന്മാർക്ക് പോലും ഇല്ലാത്ത ധൈര്യത്തോടെ നേഴ്സിംഗ് പഠിക്കാൻ മദിരാശിക്കും തുടർന്നു സിങ്കപ്പൂരിലേക്കും പോവുകയും അവിടുന്ന് പലരാജ്യങ്ങളിലേക്കും യുദ്ധസേവനത്തിനും ഒടുവിൽ ദുഃഖിതരുടെ സേവനത്തിനു ആഫ്രിക്കൻ വൻകരയിലെത്തുകയും ചെയ്യുന്ന മറിയാമ്മ അമ്മച്ചിയുടെ യാത്രപഥവും ജീവിതപഥവും തേടി മനു യാത്ര ആരംഭിക്കുന്നു.

കാമുകിയായ ജാനകിക്ക് തീസിസിനായി "കടൽ കടന്ന നേഴ്‌സ്മാർ" എന്നൊരു വിഷയം തിരഞ്ഞെടുത്തു.. ഡാറ്റാകളക്ഷന് മനു സഹായിക്കുന്നു. ആഫ്രിക്ക യിലെവിടെയോ വച്ച് മരണമടഞ്ഞു എന്ന് വിശ്വസിക്കുന്ന മറിയാമ്മ അമ്മച്ചിയുടെ ശവക്കല്ലറയെങ്കിലും കണ്ടു പിടിക്കണം എന്ന ദൃഢനിശ്ചയത്തോടെ ആഫ്രിക്കയിലെത്തുന്ന മനുവിന്, ദശാബ്ദങ്ങൾക്ക് മുമ്പ് മറിയാമ്മ അമ്മച്ചിടൊപ്പം ജോലിചെയ്തവരെ കണ്ടെത്താൻ കഴിയുന്നു.
ആകസ്മിക സംഭവങ്ങൾക്കൊപ്പം മുന്നേറുന്നതിനിടയിൽ, ലോകത്തെ നടുക്കികൊണ്ട് പൊട്ടിപുറപ്പെട്ട കോവിഡ് എന്ന മഹാമാരി, മനുവിന്റെ അന്വേഷണങ്ങൾക്ക് തടസ്സമാവുന്നു. ഏതു പ്രതിസന്ധിയിലും മറിയാമ്മ അമ്മച്ചിയുടെ കല്ലറ കണ്ടെത്തണം എന്ന മനുവിന്റെ തീരുമാനം ഉറച്ചത് തന്നെ ആയിരുന്നു . കോവിഡിന്റെ വരവ് പല സ്വപ്നങ്ങൾക്കും തടസ്സമാവുന്നെങ്കിലും മനു മുന്നേറുന്നുണ്ട്.

കണ്ടെത്തിയ കല്ലറകളേക്കാൾ കണ്ടെത്താനുള്ള കല്ലറകൾ ബാക്കി വച്ചാണ് നോവൽ തീരുന്നത്.
നേഴ്സുമാരുടെ അറിയപ്പെടാത്ത ത്യാഗങ്ങളെ.. അറിയപ്പെടുന്ന സമൂഹത്തിന്റെ അവജ്ഞകളെ.... പതിറ്റാണ്ടുകൾക്കിപ്പുറവും അനുഭവിക്കേണ്ടിവരുന്ന അവഗണനകളെ ഒക്കെ ഭംഗിയായി അവതരിപ്പിച്ചിട്ടുണ്ട് ബെന്യാമിൻ. ഒച്ചയും ബഹളവും ആരവവും ഇല്ലാതെ. പുരുഷന് മുൻപേ കടൽ കടന്ന് ആഗോള സഞ്ചാരം ആരംഭിച്ച നഴ്സമാരുടെ കഥ പറയുന്ന "നിശ്ശബ്ദ സഞ്ചാരങ്ങൾ" ബോറില്ലാതെ വായിച്ചു തീർക്കാം.
അടിച്ചമർത്തപ്പെടുന്ന സ്ത്രീ ജീവിതത്തിന്റെ വ്യത്യസ്ത മുഖങ്ങളെ ഈ പുസ്തകത്തിലൂടെ പരിചയപ്പെടുത്തുന്ന ശ്രീ ബെന്യാമിൻ പുതിയൊരു സ്ത്രീ മുഖമാണ് നമുക്ക് മുന്നിൽ തുറക്കുന്നത്.

D C books പ്രസിദ്ധീകരണം
പേജ് 296
വില Rs 330.